പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5130 — 05.07.2012-ൽ മറുപടിയ്ക്ക്

# വൈദ്യുതി ബോർഡിൻെറ കമ്പനിവൽക്കരണത്തിനുള്ള കാലാവധി

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എളമരം കരീം :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ബി. സത്യൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) 2003-ലെ ഇലക്ട്രിസിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം വൈദ്യുതി ബോർഡിനെ കമ്പനിയാക്കുന്നതിനുള്ള സമയപരിധി വ്യക്തമാക്കുമോ ;

(എ) 2003-ലെ വൈദ്യുതി നിയമത്തിൻെറ പാർട്ട് 13-ൻ കീഴിൽ 131 മുതൽ 134 വരെയുള്ള വകുപ്പുകളിലായി വൈദ്യുതി ബോർഡുകളുടെ പുന:സംഘടന സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു. പാർട്ട് 18 ൻ കീഴിൽ 172-ാം വകുപ്പിൽ സംസ്ഥാന വൈദ്യുതി ബോർഡുകളുടെ പുന:സംഘടന നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതുവരെയുള്ള സംവിധാനങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് പ്രതിപാദിക്കുന്നു. അതനുസരിച്ച് നിയമം നിലവിൽ വന്ന തീയതി മുതൽ ഒരു വർഷത്തിൽ കവിയാത്ത കാലത്തേയ്ക്ക് സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും ലൈസൻസിയായും സംസ്ഥാന വൈദ്യുതി ബോർഡുകൾക്ക് തുടരാൻ അനുവാദമുണ്ട്. അതിനു ശേഷമുള്ള കാലത്ത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കൂട്ടായ തീരുമാനത്തിനു വിധേയമായി സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും ലൈസൻസിയായും തുടർന്നും പ്രവർത്തിക്കാൻ വൈദ്യുതി ബോർഡുകളെ അനുവദിക്കാവുന്നതാണ്.

(ബി) കേന്ദ്ര സർക്കാർ എത്ര തവണ നിശ്ചിത സമയപരിധി നീട്ടി നൽകിയിട്ടുണ്ട് ; ഇപ്പോഴത്തെ കാലവധി അവസാനിക്കുന്നത് എന്നാണ് ;

(ബി) 172-ാം വകുപ്പനുവദിക്കുന്ന അധികാരം ഉപയോഗിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡിന് സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും ലൈസൻസിയായും 24-09-2008 വരെ തുടരുന്നതിന് പതിനൊന്ന് തവണകളിലായി അനുവാദം ലഭിക്കുകയുണ്ടായി. അത്തരത്തിലുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും തുടർന്നും കിട്ടാതെ വന്നപ്പോൾ 25-09-2008-ലെ ജി. ഒ (എം.എസ്) 37/2008/ ഊ.വ നമ്പർ ഉത്തരവിലൂടെ വൈദ്യുതി ബോർഡിൻെറ ആസ്തി-ബാധ്യതകൾ സംസ്ഥാന സർക്കാർ ഏറ്റെടുത്തു. ഇപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ആസ്തി-ബാധ്യതകളെ സംസ്ഥാന സർക്കാരിൻെറ പൂർണ്ണ ഉടമസ്ഥത

യിലുള്ള ഒരു പബ്ളിക് ലിമിറ്റഡ് കമ്പനിയിലേയ്ക്ക് 30-09-2009-ന് മുമ്പായി പുനർനിക്ഷിപ്തമാക്കണമെന്നാണ് 25-09-2008ലെ ട്രാൻസ്ഫർ സ്കീമിൻെറ ഖണ്ഡിക 6 (1) അനുശാസിച്ചിരുന്നത്. എന്നാൽ ഇതിലേക്കുള്ള നടപടിക്രമങ്ങൾ സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് സാധിക്കാതെ വരികയുണ്ടായി. അതുകൊണ്ട് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള സമയപരിധി പലതവണകളിലായി വീണ്ടും നീട്ടി വയ്ക്കേണ്ടി വന്നു. സമയപരിധി 30-06-2012 ൽ അവസാനിക്കേണ്ടിയിരുന്നതിനാൽ 25-06-2012-ലെ ജി.ഒ (എം.എസ്) 11/2012/ ഊ.വ നമ്പർ ഉത്തരവിലൂടെ ആയത് 30-09-2012 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ നീട്ടിക്കിട്ടിയിട്ടുള്ള കാലാവധി ഇനിയും നീട്ടണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിലേയും 25-09-2008-ലെ ജി. ഒ. (എം. എസ്) 37/2008/ ഊ.വ നമ്പരായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി ഫസ്റ്റ് ട്രാൻസ്ഫർ സ്കീം, 2008-ലെയും വ്യവസ്ഥകൾക്ക് വിധേയമായാണ് സർക്കാരിൽ നിക്ഷിപ്തമായ മുൻ സംസ്ഥാന വൈദ്യുതി ബോർഡിൻെറ ആസ്തി-ബാധ്യതകൾ പുതുതായി രൂപീകൃതമായ കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച നടപടി സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൻെറ അനുമതി ആവശ്യമില്ല.

(ഡി) ജീവനക്കാരുടെ പെൻഷൻ ഉൾപ്പെടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് സംഘടനകളുമായി ചർച്ച നടത്തി ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്ന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

(ഡി) വൈദ്യുതി ബോർഡിലെ ജീവനക്കാരെ പുതിയ കമ്പനിയിലേക്ക് കൈമാറ്റം ചെയ്യുമ്പോൾ ജീവനക്കാരുടെ വേതനം, പെൻഷൻ തുടങ്ങിയവ സംബന്ധിച്ച് ഉൾപ്പെടുത്തേണ്ട വ്യവസ്ഥകൾ സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായുള്ള ചർച്ചകൾ സർക്കാർ തലത്തിൽ പുരോഗമിച്ചു വരുന്നു. ഇവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇതു സംബന്ധിച്ച് തീരുമാനമെടുക്കുകയും ആസ്തി ബാധ്യതകൾ പുനർനിക്ഷിപ്തമാക്കുന്നതിനുള്ള കേരള ഇലക്ട്രിസിറ്റി സെക്കൻഡ് ട്രാൻസ്ഫർ സ്കീമിന് (റീ-വെസ്റ്റിംഗ്) അംഗീകാരം നൽകുന്നതും നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ.